(ബി) ഇതിൽ 40 വയസ്സ് പൂർത്തിയായ എത്ര പേർ ഉണ്ടെന്ന് ജനറൽ, പട്ടികജാതി, പട്ടികവർഗ്ഗം, വിധവ, വികലാംഗർ തിരിച്ച് വ്യക്തമാക്കാമോ ;

(സി) 40 വയസ്സ് പൂർത്തിയായതും ഇതുവരെ ഒരു ഇന്റർവ്യൂവിനുപോലും വിളിക്കാത്തതുമായ എത്ര പേർ വീതമുണ്ടെന്ന് ജനറൽ, പട്ടികജാതി, പട്ടികവർഗ്ഗം, വിധവ, വികലാംഗർ തിരിച്ച് വിശദമാക്കാമോ ?

ഉത്തരം

(എ) കിളിമാനൂർ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ 31-5-2015 വരെ ആകെ രജിസ്റ്റർ ചെയ്തവരുടെ എണ്ണം ജനറൽ, പട്ടികജാതി, പട്ടികവർഗ്ഗം, വിധവ, വികലാംഗർ തിരിച്ച് ചുവടെ ചേർക്കുന്നു:

ജനറൽ	-	46587
പട്ടികജാതി	-	6546
പട്ടികവർഗ്ഗം	-	286
വിധവ	-	129
വികലാംഗർ	-	436

(ബി & സി) വിവരം ശേഖരിച്ച് ലഭ്യമാക്കുന്നതാണ്.

സ്റ്റാൻഡിംഗ് ഓർഡറുകൾ

216 (3652) ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സ്വകാര്യ ആശുപത്രികളിലും സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലും ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ച് സ്റ്റാൻഡിംഗ് ഓർഡറുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളിലാണ് ഈ ഉത്തരവുകൾ നടപ്പിലാക്കിയിട്ടുള്ളത് ; ഇല്ലെങ്കിൽ പ്രസ്തുത സ്റ്റാൻഡിംഗ് ഓർഡർ നടപ്പിലാക്കുവാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ഒരു സ്ഥാപനത്തിലെ ജീവനക്കാരുടെ സേവന വ്യവസ്ഥകൾ വ്യക്തമാക്കുന്ന രേഖയായ സ്റ്റാൻഡിംഗ് ഓർഡേഴ്സ് 1946-ലെ ദി ഇൻഡസ്ട്രിയൽ എംപ്ലോയ്മെന്റ് (സ്റ്റാൻഡിംഗ് ഓർഡേഴ്സ്) ആക്ട് പ്രകാരം 50-ൽ കൂടുതൽ തൊഴിലാളികളുള്ള ഒരു സ്ഥാപനത്തിന് ബാധകമാണ്. ഇതിനായി മാനേജ്മെന്റ് സ്റ്റാൻഡിംഗ് ഓർഡറിന്റെ കരട് രൂപം സാക്ഷ്യപ്പെടുത്തി ലഭിക്കുന്നതിനായി ബന്ധപ്പെട്ട സർട്ടിഫൈയിംഗ് ഓഫീസർക്ക് സമർപ്പിക്കേണ്ടതും മേൽ നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി സർട്ടിഫൈയിംഗ് ഓഫീസർ ആയത് സാക്ഷ്യപ്പെടുത്തി നൽകുന്നതുമാണ്. സ്വാശ്രയ കോളേജുകളെ സംബന്ധിച്ചിടത്തോളം 'അദ്ധ്യാപകർ' 1947-ലെ വ്യവസായ തർക്ക നിയമത്തിലെ വകുപ്പ് 2 (എസ്)-ലെ 'തൊഴിലാളി' എന്ന പദത്തിന്റെ നിർവ്വചനത്തിൽ വരാത്തതിനാൽ ഇവർക്ക് പ്രസ്തുത നിയമം ബാധകമാകുന്നില്ല. എന്നാൽ അദ്ധ്യാപകേതര ജീവനക്കാർ മേൽനിയമത്തിന്റെ പരിധിയിൽ വരുന്നതിനാൽ 2011 മേയ് മുതൽ 2015 മേയ് വരെ ലഭ്യമായ കണക്കുകൾ പ്രകാരം താഴെപ്പറയുന്ന സ്വകാര്യ ആശുപത്രികൾക്ക് സ്റ്റാൻഡിംഗ് ഓർഡേഴ്സ് സാക്ഷ്യപ്പെടുത്തി നൽകിയിട്ടുണ്ട്. അതോടൊപ്പംതന്നെ സ്റ്റാൻഡിംഗ് ഓർഡർ നടപ്പിലാക്കാത്ത സ്ഥാപനങ്ങൾക്കെതിരെ സർക്കാരിന്റെ മുൻകൂർ അനുമതിയോടെ പ്രോസിക്യൂഷൻ നടപടികളും സ്വീകരിക്കാവുന്നതാണ്.

1. പങ്കജ കസ്തൂരി ഹെർബൽസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, തിരുവനന്തപുരം.
2. വിജയാ ഹോസ്പിറ്റൽ, കൊട്ടാരക്കര.
3. കൊശമറ്റം ഹെൽത്ത് കെയർ ആന്റ് സ്പെഷ്യാലിറ്റി സെന്റർ, കോട്ടയം.
4. മരിയൻ മെഡിക്കൽ സെന്റർ, പാല.
5. എം.യു.എം. ഹോസ്പിറ്റൽ, മോനിപ്പള്ളി.
6. റയ്ഹാൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, ഈരാറ്റുപേട്ട.
7. കാരിത്താസ് ഹോസ്പിറ്റൽ, തെള്ളകം, ഏറ്റുമാനൂർ.
8. കാർമൽ മെഡിക്കൽ സെന്റർ, പാല.
9. മാർ കാവുകാട് മെമ്മോറിയൽ ഹോസ്പിറ്റൽ, പ്രവിത്താനം, പാല.

10. ലക്ഷി ഹോസ്പിറ്റൽ, ദിവാൻസ് റോഡ്, എറണാകുളം, കൊച്ചി - 16.
11. എലൈറ്റ് മിഷൻ ഹോസ്പിറ്റൽ, ക്ലർക്കഞ്ചേരി.
12. ലക്ഷി ഹോസ്പിറ്റൽ, പാലക്കാട്.
13. ബി.എം.എച്ച്. കാളികാവ്.
14. ബി.എം.എച്ച്. താനൂർ.
15. എം.ബി. ഹോസ്പിറ്റൽ, മലപ്പുറം.
16. എ & ഇ ഹോസ്പിറ്റൽ (പ്രൈവറ്റ്) ലിമിറ്റഡ്, കൊണ്ടോട്ടി, മലപ്പുറം.
17. മലബാർ ഹോസ്പിറ്റൽ, മഞ്ചേരി.
18. നാഷണൽ ഹോസ്പിറ്റൽ, കോഴിക്കോട്.
19. ബേബി മെമ്മോറിയൽ ഹോസ്പിറ്റൽ, കോഴിക്കോട്.
20. മെട്രോ ഇന്റർനാഷണൽ കാർഡിയാക് സെന്റർ, കോഴിക്കോട്.
21. മലബാർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, കോഴിക്കോട്.

തൊഴിലില്ലായ്മ പരിഹരിക്കാൻ നടപടി

217 (3653) ശ്രീ. എളമരം കരീം :

ശ്രീ. പി. കെ. ഗുരുദാസൻ :

ശ്രീ. ജെയിംസ് മാത്യു :

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം തൊഴിലില്ലായ്മ പരിഹരി ക്കാനായി സ്വീകരിച്ച നടപടി എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിന്റെ ഫലമായി എത്ര പേർക്ക് പുതിയതായി തൊഴിൽ ലഭിച്ചുവെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(സി) കശുവണ്ടി, കയർ, കൈത്തറി ഉൾപ്പെടെയുള്ള പരമ്പരാഗത മേഖലയിലെ തൊഴിൽ നഷ്ടം നേരിടാനായി എന്തെങ്കിലും പദ്ധതി ഉണ്ടായിരുന്നോ ; അവയുടെ വിശദാംശം നൽകുമോ ;

(ഡി) ഒരു ലക്ഷം പേർക്ക് തൊഴിലവസരം സൃഷ്ടിക്കാനായി 500 കോടിയുടെ തൊഴിൽദാന പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ഇ) പദ്ധതിയുടെ ഫലമായി എത്ര പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിച്ചെന്നും അതിനായി ചെലവഴിച്ച തുക എത്രയെന്നും കണക്കാക്കിയിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly